പതിമൂന്നാം കേരളനിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3287 | 24.02.2016 ൽ മറുപടിക്ക്

## ഇലക്ട്രോണിക് രേഖകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സാജു പോൾ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഇലക്ട്രോണിക് രേഖകളുമായി ബന്ധപ്പെട്ട തെളിവിനെപ്പറ്റിയുള്ള പ്രത്യേക വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) Indian Evidence Act 65 (b)-യിലാണ് ഇലക്ട്രോണിക് രേഖകളുമായി ബന്ധപ്പെട്ട തെളിവിനെപ്പറ്റിയുള്ള പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നത്. |
| (ബി) സോളാർ കേസിൽ സരിതാ എസ്. നായരെ മൊഴിമാറ്റുന്നതിന് സ്വാധീനിക്കാൻ കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ. തമ്പാനൂർ രവി ശ്രമിച്ചത് സംബന്ധിച്ച് ഈ ശബ്ദരേഖയോടൊപ്പം ഉള്ള പരാതിയിൽ പോലീസ് കേസ് എടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ ശ്രീ. തമ്പാനൂർ രവിക്കെതിരെ കേസെടുക്കാനാവില്ലെന്ന നിലപാട് പോലീസ് സ്വീകരിച്ചിട്ടുണ്ടായിരുന്നുവോ; മൊഴിമാറ്റാൻ ഫോണിൽ പ്രേരിപ്പിക്കുന്നതും സ്വാധീനിക്കുന്നതും കുറ്റമാണോ എന്ന് വ്യക്തമാക്കുമോ; | (ബി) ഇത് സംബന്ധിച്ച് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കേസ് എടുത്തിട്ടില്ല. |
| (സി) കെ. എം. മാണി പ്രതിയായ ബാർ കോഴ സംബന്ധിച്ച അന്വേഷണ ഉദ്യോഗസ്ഥനായ എസ്.പി. ശ്രീ. സുകേശനെ പരാമർശിച്ചുകൊണ്ട് ഉള്ളതായി പറയപ്പെടുന്ന ഒരു ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ, അദ്ദേഹത്തിനെതിരെ കേസെടുത്ത് അന്വേഷണം വേണമെന്ന് വിജിലൻസ് ഡയറക്ടർ സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപട് എന്താണ്; ഇത് ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ; | (സി) ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ കേസ് എടുത്തിട്ടില്ല. ശബ്ദരേഖയിലൂടെ വെളിവായ ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിനാണ് സർക്കാർ ഉത്തരവിട്ടിട്ടുള്ളത്. |

| | |
|---|---|
| (ഡി) സർക്കാരിനെ പ്രീതിപ്പെടുത്താൻ കീഴ് ഉദ്യോഗസ്ഥനെ ബലിയാടാക്കുന്നതായുള്ള നടപടി വിജിലൻസ് മേധാവി സ്വീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ഇല്ല. |

Rajani.M

സെക്ഷൻ ഓഫീസർ